A1/95/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - ഭാരത് ഭവന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.332/2025/CLAD തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. സ.ഉ. (സാധാ)നം. 217/2025/സാം.കാ.വ. തീയതി 10.04.2025
2. സ.ഉ.(സാധാ)നം. 249/2025/സാം.കാ.വ. തീയതി 05.05.2025
3. ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുടെ 23.05.2025 തീയതിയിലെ BB.NO.135/NP/01/2025 നമ്പർ കത്ത്

**ഉത്തരവ്**

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി ₹21,11,000/- (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം രണ്ട് ഗഡുക്കളായി ₹5,12,000/- (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കുന്നതിന് ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പരാമർശം കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരത് ഭവന് 2025-26 സാമ്പത്തിക വർഷം 2205-00-102-82-36 (NV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 2,72,000/- (രണ്ട് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) 2025 മെയ് മാസത്തെ ജീവനക്കാരുടെ ശമ്പള വിതരണത്തിനും ശ്രീ. ലാൽ ദത്തിന് സർവ്വീസ് ആനുകൂല്യമായി അനുവദിക്കേണ്ട തുക ഉൾപ്പെടെയുള്ള ചെലവുകൾക്കുമായി മൂന്നാം ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക 04.01.2021 ലെ 01/2021/ധന. നമ്പർ സർക്കുലറിലെ നിബന്ധന കൾ പ്രകാരം ഭാരത് ഭവന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 701011400000138 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3115045 EDN-C3/72/2025-FIN dated 10.06.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 11-06-2025 12:15:20
സെക്ഷൻ ഓഫീസർ